**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3755** — **02-03-2023 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സ്പോർട്സ് ഹോസ്റ്റലുകളിൽ ഭക്ഷണ അലവൻസിനായി 2022-23 സാമ്പത്തിക വർഷം എത്ര തുകയാണ് വകയിരുത്തിയതെന്നും എത്ര തുക നൽകിയിട്ടുണ്ടെന്നും വിശദമാക്കുമോ; | (എ) | 2022-23 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സ്പോർട്സ് ഹോസ്റ്റലുകളിൽ ബോർഡിംഗ്/ലോഡ്ജിംഗ് ചെലവ്, മികവുറ്റ അടിസ്ഥാന സൗകര്യം എന്നിവയ്ക്കായി ആകെ 17,85,00,000/-രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും ഭക്ഷണ അലവൻസിനായി 7,66,84,987/-രൂപ ചെലവഴിക്കുകയുണ്ടായി. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ് ഹോസ്റ്റലുകളിലെ കായികതാരങ്ങൾക്ക് ബോർഡിംഗ് & ലോഡ്ജിംഗ് ഇനത്തിൽ ഡിസംബർ മാസം വരെയുള്ള തുക അനുവദിക്കുന്നതിന് 16.01.2023ലെ സ.ഉ(സാധാ)നം.33/2023/കാ.യു.വ നമ്പർ ഉത്തരവ് പ്രകാരം തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിലേയ്ക്കുള്ള തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്പോർട്സ് ഹോസ്റ്റലുകളിലെ കായിക താരങ്ങൾക്കുള്ള സ്പോർട്സ് കിറ്റുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കായികയുവജനകാര്യാലയത്തിന് കീഴിൽ പ്രവർത്തിച്ചു വരുന്ന സ്പോർട്സ് ഹോസ്റ്റലുകളിലെ കുട്ടികൾക്ക് ന്യൂട്രീഷൻ പദ്ധതി ഇനത്തിൽ ഭരണാനുമതി നൽകിയ 7,61,72,000/-രൂപയിൽ ഈ സാമ്പത്തിക വർഷം നാളിതുവരെയായി 2,34,84,295/-രൂപ ഭക്ഷണ ചെലവിനായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | സ്പോർട്സ് ഹോസ്റ്റലുകൾക്ക് അടിയന്തര സഹായം നൽകുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | 2022-23 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സ്പോർട്സ് ഹോസ്റ്റലുകളിൽ |

| | | | |
|---|---|---|---|
| | | | **ബോർഡിംഗ്/ലോഡ്ജിംഗ് ചെലവ്, മികവുറ്റ അടിസ്ഥാന സൗകര്യം എന്നിവയ്ക്കായി ആകെ 17,85,00,000/-രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും ഭക്ഷണ അലവൻസിനായി 7,66,84,987/-രൂപ ചെലവഴിക്കുകയുണ്ടായി. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ് ഹോസ്റ്റലുകളിലെ കായികതാരങ്ങൾക്ക് ബോർഡിംഗ് & ലോഡ്ജിംഗ് ഇനത്തിൽ ഡിസംബർ മാസം വരെയുള്ള തുക അനുവദിക്കുന്നതിന് 16.01.2023ലെ സ.ഉ(സാധാ)നം.33/2023/കാ.യു.വ നമ്പർ ഉത്തരവ് പ്രകാരം തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിലേയ്ക്കുള്ള തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്പോർട്സ് ഹോസ്റ്റലുകളിലെ കായിക താരങ്ങൾക്കുള്ള സ്പോർട്സ് കിറ്റുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.**<br><br>**കായികയുവജനകാര്യാലയത്തിന് കീഴിൽ പ്രവർത്തിച്ചു വരുന്ന സ്പോർട്സ് ഹോസ്റ്റലുകളിലെ കുട്ടികൾക്ക് ന്യൂട്രീഷൻ പദ്ധതി ഇനത്തിൽ ഭരണാനുമതി നൽകിയ 7,61,72,000/-രൂപയിൽ ഈ സാമ്പത്തിക വർഷം നാളിതുവരെയായി 2,34,84,295/-രൂപ ഭക്ഷണ ചെലവിനായി അനുവദിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ